പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ 2743

10-07-2015 ൽ മറുപടിക്ക്

അഗ്രോ സർവ്വീസ് സെന്ററുകൾ

ചോദ്യം

ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. തെരഞ്ഞെടുത്ത 49 ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിചെലവും. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br>3. മണ്ണ് പരിശോധന, രോഗകീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് സഹായിക്കുന്നു.<br>4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ്കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.<br>5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താല്പര്യവും പ്രഗല്ഭ്യവും ഉറപ്പ് വരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു. |
| (സി) ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | സംസ്ഥാനത്ത് 14 ജില്ലകളിലായി 49 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ